പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

12 (*72) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ തിരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) പതിനൊന്നാം ധനകാര്യ കമ്മിഷൻ റിപ്പോർട്ടിൻമേൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തതെന്നാണ്;

(ഡി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ എന്തെല്ലാം ശുപാർശകളാണ് തിരുത്തിയെഴുതണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) ഇപ്രകാരം തിരുത്തിയെഴുതുന്നതിന് ഉന്നയിച്ച കാരണങ്ങളെന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ):

(എ) ഉണ്ട്.

(ബി) 21.8.2000-ൽ

(സി) 2000 ജൂലൈ മാസത്തിൽ

(ഡി) നികുതി വിഭജനത്തിന് സംസ്ഥാനം നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കമ്മിഷൻ രൂപം കൊടുത്ത പുതിയ മാനദണ്ഡങ്ങൾക്കനുസരണമായി നികുതി വിഭജനം നടത്തിയപ്പോൾ സംസ്ഥാനത്തിന് ഭീമമായ നഷ്ടം ഉണ്ടായി. മുൻ ധനകാര്യ കമ്മിഷനുകൾ അനുവർത്തിച്ചു പോന്ന മാനദണ്ഡങ്ങൾ പ്രകാരമായിരുന്നെങ്കിൽ പോലും സംസ്ഥാനത്തിന് ഇതിലുമധികം വിഹിതം ലഭിക്കുമായിരുന്നു. പത്താം ധനകാര്യ കമ്മിഷന്റെ മാനദണ്ഡങ്ങൾക്കനുസരണമായി വിഭജനം നടത്തിയിരുന്നെങ്കിൽ സംസ്ഥാനത്തിന് 3664 കോടി രൂപ അധികമായി ലഭിക്കുമായിരുന്നു. വരുമാനത്തിലുണ്ടായ ഈ വിടവ് നികത്തണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്.

(ഇ) ഉപചോദ്യം 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

നാണ്യവിളകളുടെ വിലയിടിവ് തടയാൻ നടപടി

13 (*73) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ വിലയിടിവ് തടയാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം നാണ്യവിളകൾക്കാണ് വിലയിടിവ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിലയിടിവിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ വിലയിടിവ് ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര കൃഷിമന്ത്രാലയം, ധനമന്ത്രാലയം, വാണിജ്യ മന്ത്രാലയം എന്നിവയുടെ ക്യാബിനറ്റ് മന്ത്രിമാർക്ക് നിവേദനം സമർപ്പിക്കുകയും കേരളത്തിലുൽപ്പാദിപ്പിക്കുന്ന നാണ്യവിളകൾ ഇറക്കുമതി ചെയ്യുമ്പോൾ അവയുടെ കസ്റ്റംസ് തീരുവ ഡബ്ല്യു.റ്റി.ഒ. ബൗണ്ട് നിരക്കിനൊപ്പം ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരം, അടയ്ക്കാ, കാപ്പി എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തണമെന്നും റബ്ബറിന്റെ ബഫ്ഫുമാർക്ക് വില ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ 300% ആയി വർദ്ധിപ്പിക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി തടയണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരം, റബ്ബർ, അടയ്ക്ക, കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം, തുടങ്ങിയ നാണ്യവിളകൾക്കാണ് വിലയിടിവ് ഉണ്ടായിട്ടുള്ളത്.

(സി) & (ഡി) ഉണ്ട്. ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് കാരണമായത്. രണ്ടായിരം ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ എക്സിം പോളിസി കാരണവും ഡബ്ല്യു.റ്റി.ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകൾ കാരണവും വിലയിടിവ് ഉണ്ടായിട്ടുണ്ട്.

ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ

14 (*74) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം സംസ്ഥാനത്ത് വെളിച്ചെണ്ണ വിലയിടിവ് തടയുന്നതിന് സഹായകമായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പാമോയിലിന്റെ വർദ്ധിച്ച ഇറക്കുമതിയിൽ കുറവുവരുത്തുവാൻ ഈ തീരുവ വർദ്ധനവുകൊണ്ട് കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പാമോയിലിന്റെ വിൽപ്പന നിരുത്സാഹപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly